പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 513 — 7/1/2014-ൽ മറുപടിയ്ക്ക്

## ഖാദി മേഖലയ്ക്ക് വകയിരുത്തിയ തുക

| ചോദ്യം<br>ശ്രീ.പി.കെ.ഗുരുദാസൻ | ഉത്തരം<br>ശ്രീ.സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഖാദി മേഖലയ്ക്ക് 2012-13-ൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയാണെന്നും ഏതെല്ലാമിനത്തിൽ എന്ത് തുക വീതം ചെലവഴിച്ച എന്നും വിശദമാക്കുമോ; | (എ) ഖാദി മേഖലയ്ക്ക് 2012-13-ൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടേയും വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചർക്കകൾ, തറികൾ എന്നിവ എത്ര വീതമാണെന്നും എത്ര തൊഴിലാളികൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ടെന്നും അറിയിക്കുമോ; | (ബി) 2012-13 ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് ആകെ പ്രവർത്തിച്ചിരുന്ന ചർക്കകൾ, തറികൾ, തൊഴിലാളികൾ എന്നീ വിവരം താഴെക്കൊടുക്കുന്നു.<br><br>ചർക്കകൾ -9,482 എണ്ണം<br>തറികൾ- 3,448 എണ്ണം<br>തൊഴിലാളികൾ- 13,680 എണ്ണം |
| (സി) ഒരു വർഷം എത്ര കോടി രൂപയുടെ ഖാദി വിപണിയിൽ ആവശ്യമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വിശദമാക്കുമോ;<br><br>(ഡി) ഇതിൽ സംസ്ഥാനത്ത് എത്ര കോടി രൂപയുടെ ഖാദി ഉല്പന്നങ്ങൾ നിർമ്മിക്കുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) & (ഡി) 2012-13 ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് കോട്ടൻ സിൽക്ക് ഉൾപ്പെടെ ആകെ 83 കോടി രൂപയുടെ ഖാദി തുണിത്തരങ്ങൾ ആവശ്യമുണ്ടായിരുന്നു. ഇതിൽ 33.71 കോടി രൂപയുടെ ഖാദി തുണിത്തരങ്ങൾ മാത്രമേ ഉൽപാദിപ്പിയ്ക്കാൻ കഴിഞ്ഞിട്ടുള്ളൂ. |

Bmadev

സെക്ഷൻ ഓഫീസർ

# കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് തിരുവനന്തപുരം

വിഷയം:- നിയമസഭാചോദ്യം നമ്പർ 513, (എ) -യ്ക്കുള്ള മറുപടി

2012-2013 വർഷത്തേക്ക് ഖാദി ഗ്രാമ വ്യവസായങ്ങൾക്കായി സംസ്ഥാന ബഡ്ജറ്റിൽ പദ്ധതി വിഹിതമായി വകയിരുത്തി അനുവദിച്ച 1185 ലക്ഷം രൂപയുടെ ഇനം തിരിച്ചുള്ള വിവരവും റീ അപ്രോപ്രിയേഷനിലൂടെ അനുവദിച്ച തുകയായ 96 ലക്ഷം രൂപയും പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമ്പത്തിക താങ്ങൽ പദ്ധതി (Income Support Scheme) ഇനത്തിൽ അനുവദിച്ച 2000 ലക്ഷം രൂപയും ചേർത്ത് ആകെ അനുവദിച്ച **3281** ലക്ഷം രൂപയുടെ ഇനം തിരിച്ചുള്ള വിനിയോഗം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | 2012-2013 ലെ ബഡ്ജറ്റിൽ വകയിരുത്തിയ പദ്ധതി വിഹിതം (തുക ലക്ഷത്തിൽ) | 2012-2013 ൽ വിനിയോഗിച്ച പദ്ധതി വിഹിതം (തുക ലക്ഷത്തിൽ) |
|---|---|---|---|
| 1 | ഖാദി വകുപ്പിലെ ഉൽപാദന കേന്ദ്രങ്ങളുടെ വർക്ക് ഷെഡ് നിർമ്മാണം | 50.00 | 50.00 |
| 2 | കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ സ്ലൈവർ പ്രോജക്ടിന്റെ ആധുനിക വത്കരണവും നവീകരണവും | 240.00 | 240.00 |
| 3 | ഖാദി വകുപ്പിലെ ഉൽപാദന കേന്ദ്രങ്ങളുടെ പുനരുദ്ധാരണം. | 44.00 | 44.00 |
| 4 | വാർത്താ വിതരണവും പ്രചരണവും പരിശീലനവും | 25.00 | 25.00 |
| 5 | ഖാദി ബോർഡിന്റെ കമ്പ്യൂട്ടർ വൽക്കരണം | 10.00 | 10.00 |
| 6 | തേനീച്ച വളർത്തൽ വ്യവസായ വികസനം. | 6.00 | 6.00 |
| 7 | സിൽക്ക് ഉല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കലും നെയ്ത്തുകാർക്കും നൂൽ നൂൽപ്പുകാർക്കുംഉല്പാദന പ്രോൽസാഹനവും നെയ്ത്ത് മേഖല ശക്തിപ്പെടുത്തലും. | 280.00 | 280.00 |
| 8 | ഖാദി വകുപ്പുതല ഗ്രാമ വ്യവസായ യൂണിറ്റുകളുടെ സ്ഥാപനവും ശക്തിപ്പെടുത്തലും. | 25.00 | 25.00 |
| 9 | ഖാദി ബോർഡ് സംഭരണ ശാലകളുടെ ആധുനികവൽക്കരവും നിലവിലുള്ള വില്പന കേന്ദ്രങ്ങളുടെ കമ്പ്യൂട്ടർ വൽക്കരണവും നവീകരണവും. | 65.00 | 65.00 |
| 10 | ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് ഖാദി സ്ഥാപനങ്ങൾക്കുള്ള ധനസഹായം. | 10.00 | 10.00 |
| 11 | ഖാദി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം. | 6.00 | 6.00 |
| 12 | പ്രത്യേക തൊഴിൽ ദാന പദ്ധതി | 200.00 | 200.00 |
| 13 | ഖാദി തൊഴിലാളികൾക്ക് ആധുനിക സൌകര്യങ്ങൾ നൽകൽ | 5.00 | 5.00 |

(PTO)

| | | | |
|---|---|---|---|
| 14 | പീഢിതവും പ്രവർത്തന രഹിതവുമായ ഗ്രാമവ്യവസായ സഹകരണ സംഘങ്ങളുടേയും ചാരിറ്റബിൾ സ്ഥാപനങ്ങളുടേയും പുന:രുദ്ധാരണം. | 20.00 | 20.00 |
| 15 | ഖാദി ക്ലസ്റ്ററുകൾ സ്ഥാപിക്കൽ. (പുതിയ പദ്ധതി). | 149.00 | 149.00 |
| 16 | ഖാദി ഗ്രാമ വ്യവസായ പാർക്ക് സ്ഥാപിക്കൽ. (പുതിയ പദ്ധതി). | 50.00 | 50.00 |
| 17 | ഖാദി മേഖലയിൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾക്ക് റീ അപ്രോപ്രിയേഷനിലൂടെ അനുവദിച്ച തുക | 96.00 | 96.00 |
| 18 | പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമ്പത്തിക താങ്ങൽ പദ്ധതി (Income Support Scheme) പ്രകാരം അനുവദിച്ച തുക | 2000.00 | 2000.00 |
| | **ആകെ** | **3281.00** | **3281.00** |

<u>2012-13 **വർഷം റിബേറ്റ് ഇനത്തിൽ അനുവദിച്ച തുക**</u>

| | പരിപാടിയുടെ പേര് | 2012-2013 ലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക (തുക ലക്ഷത്തിൽ) | 2012-2013 ൽ വിനിയോഗിച്ച തുക (തുക ലക്ഷത്തിൽ) |
|---|---|---|---|
| | നോൺ-പ്ലാൻ റിബേറ്റ് | **1150.00** | **1150.00** |

Amaden
സെക്ഷൻ ഓഫീസർ